പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4962 — 04-07-2012 -ൽ മറുപടിക്ക്.

## സർക്കാർ ഭൂമിയിൽ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ഭവനനിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ജമീലാ പ്രകാശം | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ഭൂമിയിൽ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ഭവനങ്ങൾ നിർമ്മിക്കാൻ ഭവന നിർമ്മാണ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) യും (സി) യും (ഡി) യും (ഇ) യും പൊതുതാൽപര്യം ഉറപ്പുവരുത്തുന്നതിനുള്ള രക്ഷാവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനത്തെ ഭവന നിർമ്മാണ മേഖലയിലെ അടിസ്ഥാന സൗകര്യവികസന കാര്യങ്ങളിൽ പൊതു-സ്വകാര്യ- പങ്കാളിത്ത (പബ്ലിക്-പ്രൈവറ്റ്-പാർട്ണർഷിപ്പ്), പൊതു- സ്വകാര്യ- പഞ്ചായത്ത് -പങ്കാളിത്ത (പബ്ലിക്- പ്രൈവറ്റ് -പഞ്ചായത്ത്-പാർട്ണർഷിപ്പ്) വികസന സാമ്പത്തിക മാതൃകകൾ രൂപപ്പെടു ത്തുന്നതിനു സർക്കാർ അംഗീകരിച്ച കേരള സംസ്ഥാന പാർപ്പിടനയത്തിലൂടെ ലക്ഷ്യമിടുന്നു. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് സർക്കാർ ലഭ്യമാക്കിയിരുന്ന സർക്കാർ ഭൂമികളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്തും |
| (സി) സർക്കാർ ഭൂമിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ വീടുകൾ നിർമ്മിക്കുന്നതിന്റെ ഫലമായി പ്രായേണ ആ ഭൂമിയുടേയും വീടുകളുടേയും കൈകാര്യ അവകാശം സ്വകാര്യ വ്യക്തികളിൽ എത്തിച്ചേരാൻ ഇടയുണ്ടെന്ന കാര്യത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; | |
| (ഡി) എങ്കിൽ അതു സംബന്ധിച്ച് എന്ത് മുൻകരുതലാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; | |
| (ഇ) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | |

ഇതിനായി ഭവനനിർമ്മാണ ബോർഡ്
ഏറ്റെടുത്തിട്ടുള്ള സ്ഥലത്തും
അതോടൊപ്പം ഭൂമി വിട്ടുതരാൻ
തയ്യാറുള്ള തദ്ദേശ സ്വയംഭരണ
സ്ഥാപനങ്ങളുമായി ചേർന്നും
സംസ്ഥാന ഭവനനിർമ്മാണ
ബോർഡിന്റെ നേതൃത്വത്തിൽ
പൊതുജനങ്ങളേയും
ഗുണഭോക്താക്കളേയും
പഞ്ചായത്തിനേയും
സഹകരിപ്പിച്ചുകൊണ്ട്
പബ്ലിക്-പ്രൈവറ്റ്-പഞ്ചായത്ത്-
പാർട്ട്ണർ ഷിപ്പ് (PPPP) മാതൃകയിൽ
വീടുകൾ നിർമ്മിക്കാൻ സാഫല്യം
ഭവനപദ്ധതി ആദ്യഘട്ടത്തിലൂടെ
ലക്ഷ്യമിടുന്നു. ഇതു സംബന്ധിച്ച
നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ